# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നം . 1741. 25/03/2013 - ലെ മറുപടിക്ക്

## ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ഇക്കണോമിക്സ്) റാങ്ക് ലിസ്റ്റിലെ അപാകതകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ 2005 – ലെ, 187/2005 കാറ്റഗറി നമ്പർ പ്രകാരം ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ഇക്കണോമിക്സ്) (സീനിയർ) തസ്തികയിലേക്കുള്ള ഷോർട്ട് ലിസ്റ്റിൽ നിന്ന് ഇന്റർവ്യൂ കഴിഞ്ഞ ഏതെങ്കിലും ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താതെ ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. |
| (ബി) | എങ്കിൽ എന്തു കാരണത്താലാണ് ഒഴിവാക്കിയതെന്ന് വിശദമാക്കുമോ; | (ബി) കാറ്റഗറി നമ്പർ187/2005, ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ഇക്കണോമിക്സ്) (സീനിയർ) തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഇന്റർവ്യൂ കഴിഞ്ഞതിനു ശേഷം ഉൾപ്പെടുത്താത്ത ഉദ്യോഗാർത്ഥികളുടെ വിശദാംശവും ആയതിനുള്ള കാരണവും അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ബന്ധപ്പെട്ട വിഷയത്തിൽ ബി. എഡ് യോഗ്യതയുള്ളവരില്ലെങ്കിൽ അതേ ഫാക്കൽറ്റിയിലുള്ള ബി.എഡ് യോഗ്യതയുള്ളവരെ പരിഗണിക്കണമെന്ന സ്പെഷ്യൽ റൂളും സർക്കാർ ഉത്തരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ഇക്കണോമിക്സ്)തസ്തികയുടെ തിരഞ്ഞെടുപ്പിന് ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും ബന്ധ പ്പെട്ട ഫാക്കൽറ്റിയിൽ ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കുവാൻ നിലവിൽ വ്യവസ്ഥയുണ്ട്. |
| (ഡി) | കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ, ഇക്കണോമിക്സിൽ ബി.എഡ് tbmKyX നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) | കേരളത്തിലെ സർവ്വകലാശാലകളിലൊന്നും ഇക്കണോമിക്സ് വിഷയത്തിലുള്ള ബി.എഡ് കോഴ്സ് നടത്തുന്നില്ല. |
| (ഇ) | ഇല്ലെങ്കിൽ, ബന്ധപ്പെട്ട ഫാക്കൽറ്റിയിലുള്ള ബി.എഡ് യോഗ്യത അംഗീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (ഇ) | ബന്ധപ്പെട്ട ഫാക്കൽറ്റിയിലുള്ള ബി.എഡ്. അംഗീകരിക്കുന്നുണ്ട്. |
| (എഫ്) | ഹയർ സെക്കന്ററി ഇക്കണോമിക്സ് സീനിയർ തസ്തികയ്ക്കു വേണ്ട യോഗ്യതയും, ഹയർ സെക്കന്ററി ഇക്കണോമിക്സ് ജൂനിയർ തസ്തികയ്ക്കു വേണ്ടയോഗ്യതയും ഒന്നാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ഉണ്ട്. |

| | | | |
|---|---|---|---|
| (ജി) | എങ്കിൽ, എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥിയെ എച്ച്. എസ്.എസ്.ടി (സീനിയർ) തസ്തികയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ജി) | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ഇക്കണോമിക്സ്) സീനിയർ (കാറ്റഗറി നമ്പർ187/2005) ജൂനിയർ (കാറ്റഗറി നമ്പർ212/2005) തസ്തികകൾക്ക് രണ്ട് വ്യത്യസ്ത വിജ്ഞാപനങ്ങളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ടി തസ്തികകൾക്ക് വെവ്വേറെ പരീക്ഷകൾ നടത്തി രണ്ട് ചുരുക്കപ്പട്ടികകളാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. രണ്ട് വ്യത്യസ്ത തിരഞ്ഞെടുപ്പുകളായിരിക്കുന്ന സാഹചര്യത്തിൽ ഒരേ യോഗ്യതയുള്ള വരാണെങ്കിലും ഒരു റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന ആൾ മറ്റേ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടണമെന്നില്ല. ഓരോ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ നിശ്ചയിച്ചിരിക്കുന്ന മാർക്ക് പരിധിയിൽ വരുന്നവർ മാത്രമേ ടി തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ. |
| (എച്ച്) | ഇപ്പോൾ പ്രസിദ്ധീകരിച്ച എച്ച്.എസ്.എസ്.ടി. (പൊളിറ്റിക്കൽ സയൻസ്) തസ്തികയിലേക്കുള്ള ചുരുക്കപ്പട്ടികയിൽ ബി.എഡ് ഇൻ ദ കൺസേൺഡ് സബ്ജക്ട് (ലിസ്റ്റ് 1) എന്നും ബി.എഡ് ഇൻ ദ കൺസേൺഡ് ഫാക്കൽറ്റി (ലിസ്റ്റ് 2) എന്നും ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ? | (എച്ച്) | ഇപ്പോൾ പ്രസിദ്ധീകരിച്ച എച്ച്. എസ്.എസ്.ടി. (പൊളിറ്റിക്കൽ സയൻസ്) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ കൺസേൺഡ് സബ്ജക്റ്റിൽ ബി.എഡ് നേടിയ ഉദ്യോഗാർത്ഥികൾ ഉണ്ടായിരുന്നില്ല. ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ ബി.എഡ് നേടിയ ഉദ്യോഗാർത്ഥികളാണ് ഉണ്ടായിരുന്നത്. ആയതിനാൽ വിജ്ഞാപനപ്രകാരം കൺസേൺഡ് സബ്ജക്ടിൽ ബി.എഡ് നേടിയ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തേണ്ട ലിസ്റ്റ് I 'Nil'ആയും ബന്ധപ്പെട്ട |

ഫാക്കൽറ്റിയിൽ ബി.എഡ്
നേടിയ ഉദ്യോഗാർത്ഥികളെ
ഉൾപ്പെടുത്തിക്കൊണ്ട് ലിസ്റ്റ് II
ആയിട്ടുമാണ് റാങ്ക് ലിസ്റ്റ്
പ്രസിദ്ധീകരിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ.**

| ക്രമ നം | പേര് | റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താതിരിക്കുന്നതിനുള്ള കാരണം |
|---|---|---|
| 1. | സോമനശീലൻ G. (Sl. No.50) | B.Ed. നേടിയത് Geography യിലാണ് |
| 2. | ഷിനി T.V. (Sl. No.557) | M.Phil. പാസ്സായ തീയതി അപേക്ഷ അയക്കേണ്ട അവസാന തീയതിക്ക് ശേഷമാണ്. |
| 3. | അബ്ദുൾ റസാക്ക് A. (Sl.No. 656) | B.Ed. നേടിയത് Madurai Kamaraj University യിൽ നിന്നാണ്. ആയതിന് equivalency certificate ഹാജരാക്കിയതിൽ തിരുത്തൽ വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടു. |
| 4 | കുമാരി ഷീബ J.S. (Sl.No. 853) | |
| 5. | ബാജിലാൽ വി.എസ്. (Sl.No.956) | ഇന്റർവ്യൂ മാർക്കിന്റെ 20% മാർക്ക് ഇന്റർവ്യൂ ബോർഡ് നൽകിയിട്ടില്ലാത്തതിനാൽ അയോഗ്യരാക്കപ്പെട്ടു. |
| 6. | ശ്രീദേവി P.G. (Sl.No.958) | |